## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.07.2024** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. നീറ്റ് പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്ക് പ്രസിദ്ധീകരിക്കാൻ ദേശീയ പരീക്ഷാ ഏജൻസിയോട് നിർദേശിച്ച് സുപ്രീം കോടതി.

   **The Supreme Court directes the National Testing Agency to publish the results of all NEET-UG 2024 students on their website.**

2. കേരളത്തിൽ അതിതീവ്ര മഴ തുടരുന്നു; വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പു ജാഗ്രത; ജലനിരപ്പ് ഉയർന്നതോടെ വിവിധ അണക്കെട്ടുകളുടെ ഷട്ടറുകൾ ഉയർത്തി; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy rains continue in Kerala; Red alert issued in Wayanad, Kannur and Kasaragod districts; Various dam shutters opened as the water level rose; Fishermen advised not to venture into the sea from Kerala-Karnataka-Lakshadweep coasts.**

3. ഉത്തർപ്രദേശിലെ ഗോണ്ട - ഗോരഖ്പൂർ പാതയിൽ ട്രെയിൻ പാളം തെറ്റി; നാലു പേർ മരിച്ചതായി റിപ്പോർട്ട്. സംഭവത്തിൽ ഉന്നതതല അന്വേഷണം പ്രഖ്യാപിച്ച് റെയിൽവേ.

**Four killed as Train derailed in UP; Ministry of Railways has ordered a high-level inquiry into the Gonda train derailment incident.**

4. തൊഴിൽ സംവരണവുമായി ബന്ധപ്പെട്ട പ്രക്ഷോഭം തുടരുന്ന ബംഗ്ലാദേശിൽ ഇന്ത്യൻ പൗരന്മാർക്കും വിദ്യാർത്ഥികൾക്കും ജാഗ്രതാ നിർദ്ദേശവുമായി വിദേശകാര്യ മന്ത്രാലയം.

**Ministry of External Affairs warns Indian citizens and students in Bangladesh, amid unrest on job reservation.**

5. ഏഷ്യ കപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റ് ടൂർണമെന്റിന് നാളെ ശ്രീലങ്കയിൽ തുടക്കം; ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും.

**Asia Cup Women's T20 Cricket Tournament to begin in Sri Lanka Tomorrow; India will face Pakistan tomorrow in the group match.**

&&&&&&&&&&&&&&&&&&

## NEET (INTRO)

നീറ്റ് പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്ക് പ്രസിദ്ധീകരിക്കാൻ ദേശീയ പരീക്ഷാ ഏജൻസിയോട് നിർദേശിച്ച് സുപ്രീം കോടതി. ഓരോ കേന്ദ്രത്തിലും പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ മറച്ച് വച്ച ശേഷം മാർക്ക് വിശദമായി പ്രസിദ്ധീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഫലം പ്രസിദ്ധീകരിക്കാൻ ഏജൻസിക്ക് ശനിയാഴ്ച ഉച്ചവരെയാണ് പരമോന്നത കോടതി സമയം അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങളിലേക്ക്........

(ഹോൾഡ് വോയ്സ്)

## NEET-UG (VOICE)

വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താതെ പരീക്ഷാ കേന്ദ്രങ്ങൾ, നഗരങ്ങൾ എന്നിവ അടിസ്ഥാനമാക്കി നീറ്റ് - യു.ജി ഫലം വെബ്സൈറ്റിൽ പരസ്യപ്പെടുത്താനാണ് സുപ്രീം കോടതി നിർദേശം നൽകിയത്. പരീക്ഷാ കേന്ദ്രങ്ങളുടെ വിവരങ്ങൾ പരസ്യപ്പെടുത്താനാകില്ലെന്ന് കാണിച്ച് നാഷണൽ ടെസ്റ്റിങ് ഏജൻസി സമർപ്പിച്ച ഹർജി സുപ്രീം കോടതി തള്ളി. മേയ് അഞ്ചിന് നടന്ന നീറ്റ് പരീക്ഷയിൽ വൻതോതിൽ ക്രമകേട് നടന്നെന്ന് കണ്ടെത്തിയാൽ മാത്രമേ പുനഃപരീക്ഷ നടത്താനാകൂ എന്ന് കോടതി വ്യക്തമാക്കി. വിഷയത്തിൽ സിബിഐ അന്വേഷണം നടന്നുവരുന്നതായും സിബിഐ കണ്ടെത്തിയ കാര്യങ്ങൾ പുറത്തു വിടുന്നത് അന്വേഷണത്തെ ബാധിക്കുമെന്നും പരമോന്നത കോടതി നിരീക്ഷിച്ചു. പുനഃപരീക്ഷ വേണമെന്നും കോടതി നിരീക്ഷണത്തിൽ അന്വേഷണം വേണമെന്നുമുള്ള ഹർജികൾ തള്ളിയ കോടതി വലിയതോതിൽ ക്രമക്കേട് നടന്നതായി കണ്ടെത്താനായിട്ടില്ലെന്നും വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ഭരണഘടനാ ബെഞ്ചാണ് നീറ്റ് യുജി ക്രമക്കേട് സംബന്ധിച്ച 40 ലേറെ ഹർജികൾ പരിഗണിച്ചത്. വിഷയത്തിൽ തിങ്കളാഴ്ച വാദം തുടരും.

ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&

## CBI-AIIMS DETAINED

നീറ്റ് യുജി ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് പട്ന എയിംസിലെ നാല് വിദ്യാർത്ഥികളെ സിബിഐ കസ്റ്റഡിയിലെടുത്തു. രണ്ട് - മൂന്ന്, വർഷ എംബിബിഎസ് വിദ്യാർത്ഥികളെയാണ് കസ്റ്റഡിയിലെടുത്തതെന്ന് എയിംസ് പട്ന എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജി കെ പാൽ പറഞ്ഞു. വിദ്യാർത്ഥികളെ ചോദ്യം ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണ ഏജൻസി നേരത്തെ വിവരങ്ങൾ നൽകിയതായും അന്വേഷണത്തോട് സഹകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിദ്യാർത്ഥികളിൽ നിന്ന് ലാപ്ടോപ്പുകളും പിടിച്ചെടുത്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ അതിതീവ്ര മഴ തുടരുന്നു. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത നൽകിയിട്ടുണ്ട്. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ട സാഹചര്യത്തിൽ മഴ കൂടുതൽ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്. സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ ഡാമുകളുടെ ഷട്ടറുകളും ഉയർത്തിയിട്ടുണ്ട്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&&&

## RAIN DISTRICTS

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കണ്ണൂർ, കാസറഗോഡ്, വയനാട്, പാലക്കാട് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. കാസർഗോഡ് ജില്ലയിൽ കോളേജുകൾക്ക് അവധി ബാധകമല്ല. മുൻകൂട്ടി പ്രഖ്യാപിച്ച പരീക്ഷകളിലും മാറ്റമില്ല. പാലക്കാട്, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും നവോദയ വിദ്യാലയത്തിനും അവധി ബാധകമല്ല. കണ്ണൂരിൽ അതിശക്തമായ മഴയിൽ വലിയ നാശനഷ്ടമാണ് ഉണ്ടായത്. വയനാട്ടിലും താഴ്ന്ന പ്രദേശങ്ങൾ മിക്കതും വെള്ളത്തിനടിയിലാണ്. കോഴിക്കോട് ജില്ലയിലെ ഗ്രാമീണ മേഖലകളിലും മഴ ശക്തമാണ്. കക്കയം ഡാമിലെ ജലനിരപ്പ് ഉയരുന്നതിനാൽ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ഇടുക്കിയിൽ, വിവിധ സ്ഥലങ്ങളിൽ നേരിയ തോതിൽ മണ്ണിടിച്ചിലുണ്ടായി. മഴ മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ രാത്രികാല യാത്രയ്ക്കു നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## KARNATAKA-LANDSLIDE

ഉത്തര കർണാടകയിൽ മണ്ണിടിച്ചിലിൽ മരിച്ചവരുടെ എണ്ണം ആറായി. അംഗോള താലൂക്കിലെ ദേശീയ ഹൈവേ 66 ൽ ഗതാഗത സൗകര്യം പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നതിനിടെ രണ്ട് മൃതദേഹങ്ങൾ കൂടി കണ്ടെടുത്തു. പ്രദേശത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളും തിരച്ചിലും തുടരുകയാണ്. ചൊവ്വാഴ്ചയുണ്ടായ മണ്ണിടിച്ചിലിൽ ഗതാഗതം പൂർണമായും സ്തംഭിച്ചു. ഒരു കടയും രണ്ട് ടാങ്കറുകളും മണ്ണിനടിയിലായി. പ്രദേശത്തു നിന്നും ആളുകളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## LAKSHDWEEP RAIN INTRO

ലക്ഷദ്വീപിൽ കനത്ത മഴ തുടരുന്നു. ശക്തമായ കാറ്റും മോശം കാലാവസ്ഥയും ദ്വീപുകൾക്കിടയിലെ കപ്പൽ ഗതാഗതത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം........

( വോയിസ് )

&&&&&&&&&&&&&&&&&&

## TRAIN-DERAILED

ഉത്തർപ്രദേശിലെ ഗോണ്ട - ഗോരഖ്പൂർ പാതയിൽ ട്രെയിൻ പാളം തെറ്റി. ഛണ്ഡീഗഢ് – ദിബ്രുഗഢ് എക്സ്പ്രസിന്റെ 12 കോച്ചുകളാണ് പാളം തെറ്റിയത്. അപകടത്തിൽ നാലു പേർ മരിച്ചതായാണ് വിവരം. സ്ഥിതിഗതികൾ വിലയിരുത്തിയ യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. സംഭവത്തിൽ ഉന്നതതല

അന്വേഷണം പ്രഖ്യാപിച്ച റെയിൽവേ, അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് രണ്ടര ലക്ഷം രൂപ വീതവും ചെറിയ പരിക്കുകളുള്ളവർക്ക് 50,000 രൂപ വീതവും ധനസഹായം നൽകുമെന്ന് അറിയിച്ചു. അപകടത്തെ തുടർന്ന് പാതയിലൂടെയുള്ള ട്രെയിൻ ഗതാഗതം തടസപ്പെട്ടു.

&&&&&&&&&&&&&&&&&&

## PREZ SPEECH - BOOK

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ 75 പ്രസംഗങ്ങളുടെ സമാഹാരമായ WINGS TO OUR HOPES-ൻറെ ആദ്യ ഭാഗം കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. പുസ്തകത്തിൻറെ ഹിന്ദി, ഇംഗ്ലീഷ് ഇലക്ട്രോണിക് പതിപ്പുകളാണ് പ്രകാശനം ചെയ്തത്. വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ സന്നിഹിതനായിരുന്നു. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള പബ്ലിക്കേഷൻ ഡിവിഷനാണ് പുസ്തകം പുറത്തിറക്കുന്നത്. രാഷ്ട്രപതി ഭവൻറെ ചരിത്രം പ്രതിപാദിക്കുന്ന മറ്റ് രണ്ട് പുസ്തകങ്ങളും ചടങ്ങിൽ പ്രകാശനം ചെയ്തു.

&&&&&&&&&&&&&&&&&&

## MANN KI BAAT QUIZ

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്തിനെ' ആസ്പദമാക്കി സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൻറെ താലൂക്ക് തല മത്സരം ഞായറാഴ്ച സംഘടിപ്പിക്കും. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ തിരുവനന്തപുരം ചിന്മയ വിദ്യാലയത്തിൽ മത്സരം ഉദ്ഘാടനം ചെയ്യും. മുൻ കേന്ദ്രസഹമന്ത്രി വി.മുരളീധരൻ അധ്യക്ഷനാകും. കേന്ദ്ര

യുവജനകാര്യ കായിക മന്ത്രാലയത്തിനു കീഴിലുള്ള നെഹ്റു യുവകേന്ദ്രയാണ് ക്വിസ് മത്സരത്തിൻറെ സംഘാടകർ.

&&&&&&&&&&&&&&&&&&

## CM MEETING

തിരുവനന്തപുരം ആമയിഴഞ്ചാൻ തോടിലെ മാലിന്യപ്രശ്നവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ അടിയന്തര യോഗം ചേർന്നു. നഗരത്തിലെ മാലിന്യ പ്രശ്നം പരിഹിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം ഏകോപിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി സബ് കളക്ടറെ ചുമതലപ്പെടുത്താൻ യോഗം തീരുമാനിച്ചു. നിരോധിത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളും ഉൽപ്പന്നങ്ങളും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. പൊതുനിരത്തിലും ജലാശയത്തിലും മാലിന്യം നിക്ഷേപിക്കുന്ന വാഹനങ്ങളുടെ രജിട്രേഷൻ റദ്ദ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## WOMEN CRICKET

ഏഷ്യ കപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റ് ടൂർണമെന്റിന് നാളെ ശ്രീലങ്കയിൽ തുടക്കമാകും. ഹർമൻപ്രീത് കൗർ ഇന്ത്യൻ സംഘത്തെ നയിക്കും. ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും. വൈകിട്ട് 7 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&

## TENNIS – SUMIT NAGAL

സ്വീഡിഷ് ഓപ്പൺ ടെന്നിസിൽ ഇന്ത്യൻ താരം സുമിത് നാഗലിന് പരാജയം. 16-ാം റൗണ്ടിൽ ലോക 36-ാം നമ്പർ താരം മരിയാനോ നവോനെയോട് നേരിട്ടുള്ള സെറ്റുകൾക്കാണ് സുമിത്

പരാജയപ്പെട്ടത്. പുരുഷ ഡബിൾസിൽ ഇന്ത്യൻ- പോളിഷ് സഖ്യം ഫ്രഞ്ച് സഖ്യത്തോട് പരാജയപ്പെട്ടു.

&&&&&&&&&&&&&&&&&&

## BANGLADESH SHUTDOWN

സർക്കാർ മേഖലയിലെ തൊഴിൽ സംവരണവുമായി ബന്ധപ്പെട്ട പ്രക്ഷോഭം തുടരുന്ന ബംഗ്ലാദേശിൽ ക്രമസമാധാനപാലനത്തിനായി അതിർത്തി സുരക്ഷാ സേനയുടെ 229 പ്ലാറ്റൂണുകളെ വിന്യസിച്ചു. ധാക്കയിൽ ഇന്ന് രാവിലെയുണ്ടായ ഏറ്റുമുട്ടലിൽ ഒരു യുവാവ് കൊല്ലപ്പെട്ടു. ആറ് പേർക്കാണ് കഴിഞ്ഞ ദിവസങ്ങളിൽ നടന്ന പ്രക്ഷോഭത്തിനിടെ ജീവൻ നഷ്ടപ്പെട്ടത്. സംഭവത്തിൽ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. പ്രതിഷേധങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ സംരക്ഷണം ഉറപ്പാക്കണമെന്ന് ഐക്യരാഷ്ട്രസഭയും ബംഗ്ലാദേശ് സർക്കാരിനോട് അഭ്യർത്ഥിച്ചു. വിദ്യാർത്ഥികളുടെ സുരക്ഷ മുൻനിർത്തി എല്ലാ സ്കൂളുകളും പൊതു, സ്വകാര്യ സർവ്വകലാശാലകളും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ അടച്ചിടാൻ തീരുമാനിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## MEA ADVISORY BANGLADESH

ബംഗ്ലാദേശിലെ ഇന്ത്യൻ പൗരന്മാർക്കും വിദ്യാർത്ഥികൾക്കും ജാഗ്രതാ നിർദ്ദേശവുമായി വിദേശകാര്യ മന്ത്രാലയം. അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കാനും താമസിക്കുന്ന സ്ഥലങ്ങളിൽ തുടരാനും വിദേശകാര്യ മന്ത്രാലയം അഭ്യർത്ഥിച്ചു. അടിയന്തര സഹായങ്ങൾക്ക് ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷന്റെ, 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി നമ്പറായ +880-1937400591 ൽ ബന്ധപ്പെടേണ്ടതാണ്.

&&&&&&&&&&&&&&&&&&

## MoS MEA - OMAN

ഒമാനിലെ ദുകം തീരത്തിനടുത്ത് എണ്ണക്കപ്പൽ മറിഞ്ഞ സംഭവത്തിൽ ഇന്ത്യൻ അംബാസഡർ അമിത് നാരംഗുമായി വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് ചർച്ച നടത്തി. മറിഞ്ഞ കപ്പലിൽ നിന്നും രക്ഷപെടുത്തി കരയിലെത്തിച്ച എട്ട് ഇന്ത്യക്കാർക്ക് ആവശ്യമായ ചികിത്സ ഉറപ്പു വരുത്തിയതായി കേന്ദ്ര സഹമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&